/759529/2024

ഭരണഭാഷ മാതൃഭാഷ

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്

തൊഴിൽഭവൻ,

വികാസ് ഭവൻ.പി.ഒ.

തിരുവനന്തപുരം-33.

നമ്പർ: DT/1664/2024-E3 തീയതി:

03-04-2024

## ചുറ്ററിയിപ്പ്

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ്– പർച്ചേസ് വിഭാഗം – 2024-25 സാമ്പത്തിക വർഷത്തെ ഉപകരണ സംഭരണം-ശുപാർശ അയക്കുന്നത് -സംബന്ധിച്ച്

******

2024-25 സാമ്പത്തിക വർഷത്തിലേക്കു വിവിധ ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകളിലേക്ക് ആവശ്യമായ ഉപകരണ സംഭരണത്തിനായി ശിപാർശകൾ ക്ഷണിച്ചുകൊള്ളുന്നു. ഐ.ടി.ഐകളുടെ നവീകരണവുമായി ബന്ധപ്പെട്ട ഉപകരണ സംഭരണത്തിനായി എക്സൽ ഫോർമാറ്റിലും pdf ലും തയ്യാറാക്കി purchasedt24@gmail.com മെയിൽ അയച്ചു തരേണ്ടതാണ് .ടി ഫോർമാറ്റിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.ശിപാർശകളിൽ ഇരട്ടിപ്പുകളും പിശകുകളും ഒഴിവാക്കുന്നതിനായി ടി പ്രൊഫോർമയിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്താൻ എല്ലാ പ്രിൻസിപ്പാള്മാരും ശ്രദ്ധിക്കേണ്ടതാണ്

## പെർഫോമയിൽ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ടത്

1. ഈ കാര്യാലയത്തിൽ നിന്നും മെയിൽ മുഖേന നൽകുന്ന Excel ഫോർമാറ്റിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ് .
2. 70 ട്രേഡുകൾ ഉൾപ്പെടുത്തിയ ഒരു Excel File ആണ് മെയിൽ ചെയ്ത് നൽകുന്നത്. ടി Excel File download ചെയ്ത് ഓരോ ഐ ടി ഐ ക്കും ആവശ്യമുള്ള ട്രേഡുകളിൽ മാത്രം രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. **ടി Excel File ന്റെ ഒരു sheet ഉം delete ചെയ്യാൻ പാടുള്ളതല്ല.**
3. PDF ഫോർമാറ്റ് അയക്കുമ്പോൾ ഓരോ ട്രേഡിന്റെയും ലിസ്റ്റ് ട്രേഡിന്റെ പേര് വച്ച് തന്നെ സേവ് ചെയ്യേണ്ടതും ആയതു മെയിൽ ചെയ്തു നൽകേണ്ടതുമാണ് . Required quantity എന്ന കോളത്തിൽ നമ്പർ മാത്രമായിട്ട് തന്നെ രേഖപ്പെടുത്തലുകൾ വരുത്താൻ

ശ്രദ്ധിക്കേണ്ടതാണ് (Text ഫോർമാറ്റിൽ രേഖപ്പെടുത്തൽ പാടില്ല)

4. ഓരോ ഐ.ടി.ഐകളും അവരുമായി ബന്ധപ്പെട്ട ട്രേഡുകളുടെ കോളം മാത്രം പരിശോധിച്ച് NSQF സിലബസ് പ്രകാരം ആവശ്യമുള്ള ബാലൻസ് ഉപകരണങ്ങളുടെ എണ്ണം യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

5. ഉപകരണങ്ങളുടെ സംഭരണത്തിൽ ഇരട്ടിപ്പുകൾ ഒഴിവാക്കുന്നതിനായി അങ്ങേയറ്റം ഉത്തരവാദിത്തത്തോടെ ചെയ്യേണ്ടതിനാൽ അതാത് ട്രേഡുകളുടെ ഇൻസ്ട്രക്ടർമാർ നൽകുന്ന വിവരം രേഖാമൂലം ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. എല്ലാ ട്രേഡിലേയും ഇൻസ്ട്രക്ടർമാരും പ്രിൻസിപ്പാൾമാരും ഈ വിവരം ഒപ്പിട്ട് സൂക്ഷിക്കണം. ഇതിന്റെ Excel, pdf എന്നിവ purchasedt24@gmail.com എന്ന മെയിലിലേയ്ക്ക് അയച്ച് തരേണ്ടതാണ്. ഇതിൽ ഉണ്ടാകുന്ന ഇരട്ടിപ്പുകളുടെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാർക്കും പ്രിൻസിപ്പാൾമാർക്കും മാത്രമായിരിക്കും.

6. ഉപകരണ സംഭരണത്തിനായി 15/04/2024-ന് മുമ്പായി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

7. സമയബന്ധിതമായി സംഭരണ നടപടികൾ തീർക്കേണ്ടതിനാൽ 15/04/2024 തീയതിയ്ക്ക് ശേഷം ലഭിക്കുന്ന ശുപാർശകൾ സംഭരണ നടപടികളിൽ നിന്നും ഒഴിവാക്കുന്നതായിരിക്കും.

8. STRIVE, PPP തുടങ്ങിയ ഏതെങ്കിലും പ്രോജക്ടുകൾ വഴി സംഭരിക്കുന്ന ഉപകരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലായെന്നു ഉറപ്പ് വരുത്തേണ്ടതാണ്.

9. Condemnation നടപടികൾ പൂർത്തീകരിച്ച് ഉത്തരവ് ലഭ്യമായ ഉപകരണങ്ങൾ പുതുക്കിയ സിലബസ് പ്രകാരം ആവശ്യമെങ്കിൽ മാത്രം ഉൾപ്പെടുത്തേണ്ടതാണ്.

10. കൺസ്യൂമബിൾ ഐറ്റംസ് ഉൾപ്പെടുത്താൻ പാടുള്ളതല്ല.

11. സ്വന്തമായി കെട്ടിടമില്ലാത്ത സ്ഥാപനങ്ങളിൽ ടൂൾസ്, എക്വിപ്മെന്റ്, മെഷീനുകൾ തുടങ്ങിയവ സംഭരണം നടത്തിയാൽ ആയത് കേടുപാട് കൂടാതെ സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമാണോ എന്ന് പ്രിൻസിപ്പാൾ ഉറപ്പ് വരുത്തേണ്ടതാണ്.

12. ഭരണാനുമതി ലഭിച്ചത്, വിതരണ ഉത്തരവ് ലഭിച്ചത് (വിതരണം നടത്തിയിട്ടില്ലായെങ്കിലും), സംഭരണാനുമതി ലഭിച്ചത് എന്നിവയുടെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതില്ല.

13. നിശ്ചിത പ്രൊഫോർമ ഉൾപ്പെട്ട excel file, purchasedt24@gmail.com എന്ന മെയിൽ ഐ.ഡി യിൽ നിന്നും മെയിൽ ചെയ്തു നൽകുന്നതാണ്

J SUJATHA
ADDITIONAL DIRECTOR OF TRAINING

സ്വീകർത്താവ്:- എല്ലാ സ്ഥാപനമേധാവികൾക്കും.

പകർപ്പ് : സംഭരണ ഫയൽ ഇ3

**Name of ITI :**

## 1. AGRO PROCESSING

| Sl.No | S No. as per syllabus | Name of the Tools and Equipment | Specification | Quantity | Available | Required | Storage Space Availability, Yes/No |
|---|---|---|---|---|---|---|---|
| | | **A : Equipment, Machine & Tools** | | | | | |
| 1 | 1 | Hammer mill : | Power operate done HP 50 Kg/hr | 1 No. | | | |
| 2 | 2 | Groundnut decorticator | Hand operated 20 Kg/hr | 1 No. | | | |
| 3 | 3 | Mini dal mill | Power operated, 2 HP 100 Kg/hr | 1 No. | | | |
| 4 | 4 | Mini rice mill | Power operated, 2 HP 100 Kg/hr | 1 No. | | | |
| 5 | 5 | Mini oil expeller | Power operated, 10 HP 25 lit/hr | 1 No. | | | |
| 6 | 6 | Grain cleaner | Power operated, 01 HP; 300 Kg/hr | 1 No. | | | |
| 7 | 7 | Mini grain mill | Power operated, 01 HP 20 Kg/hr | 1 No. | | | |
| 8 | 8 | Wheat flour mill | Power operated 5 HP 100 Kg/hr | 1 No. | | | |
| 9 | 9 | Micro pulveriser | Power operated, 2 HP 50 Kg/hr | 1 No. | | | |
| 10 | 10 | Storage bins of different capacity | Aluminium, 10-50 Kg Capacity with proper outlet and inlet | As required | | | |
| 11 | 11 | Platform scale balance | 100 Kg Capacity | 1 No. | | | |
| 12 | 12 | Electric oven | For moisture determination, 0-250 °C, digital display (2*2*2) | 1 No. | | | |
| 13 | 13 | Moisture box | Aluminium, 100 g capacity cylindrical | 1 No. | | | |
| 14 | 14 | De-stoner | For cleaning light materials, air classifier type | 1 No. | | | |
| 15 | 15 | Extruder | Lab scale | 1 No. | | | |
| 16 | 16 | Weighing Balance | (0.10 gm to 2 kg), (100 gm to 5 kg) | 2 Nos. | | | |